**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- കോട്ടയം ഒളശ്ശ സർക്കാർ അന്ധവിദ്യാലയത്തിൽ 2015-16അധ്യയനവർഷം മുതൽ ഹൈസ്കൂൾ വിഭാഗം ആരംഭിക്കുന്നതിനു അനുമതി നൽകിയും ആയതിലേക്ക് 10 തസ്തികകൾ പുതുതായി അനുവദിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്

സ.ഉ.(എം.എസ്) നമ്പർ106/2015/പൊ.വി.വ. തിരുവനന്തപുരം, തീയതി 08/05/2015

---

പരാമർശം: 1. കോട്ടയം ഒളശ്ശയിലെ സർക്കാർ അന്ധവിദ്യാലയത്തിലെ ഹെഡ്മാസ്റ്ററുടെ 4/8/12 ലെ 20/27/12 നം. കത്ത്.

2.കോട്ടയം ഒളശ്ശയിലെ സർക്കാർ അന്ധവിദ്യാലയത്തിലെ പി.ടി.എ പ്രസിഡന്റിന്റെ 28.04.2012-ലെ കത്ത്.

3.പൊതുവിദ്യാഭ്യാസഡയറക്ടറുടെ 03.10.2013, 22.8.2014എന്നീ തീയതികളിലെ എം1/61747/2013/ ഡി.പി.ഐ. നം. കത്തുകൾ

**<u>ഉത്തരവ്</u>**

കോട്ടയം ഒളശ്ശയിലെ സർക്കാർ അന്ധവിദ്യാലയത്തിലെ കുട്ടികൾ ഹൈസ്കൂൾ പഠനത്തിനായി ഏകദേശം 6 കി.മീ. അകലെയുള്ള മാളൂർ ഗവൺമെന്റ് ഹൈസ്കൂളിനെയാണ് ആശ്രയിക്കുന്നതെന്നും കുട്ടികളുടെ സൗകര്യപ്രദമായ പഠനത്തിന് ടി സ്ഥാപനത്തിൽ തന്നെ ഹൈസ്കൂൾ വിഭാഗം തുടങ്ങുന്നത് വളരെയേറെ സഹായകരമാണെന്നും ഇപ്രകാരം ഹൈസ്കൂൾ തുടങ്ങുന്നതിന് ഹോസ്റ്റൽ സൗകര്യം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യം നിലവിലുണ്ടെന്നും ചൂണ്ടിക്കാട്ടി സ്കൂൾ ഹെഡ്മാസ്റ്റർ, സ്കൂൾ പി.ടി.എ പ്രസിഡന്റ് മുതലായവർ പരാമർശം (1), (2) എന്നിവ പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചു.

2. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് അന്ധവിദ്യാലയങ്ങളിൽ 1 മുതൽ 7 വരെ സ്റ്റാൻഡേർഡുകളാണ് നിലവിലുള്ളത്. 8-ാം ക്ലാസ്സു മുതൽ ഹയർസെക്കണ്ടറി തലം വരെ അന്ധ വിദ്യാർത്ഥികൾ, സാധാരണ സ്കൂളിൽ

മറ്റു കുട്ടികളോടൊപ്പം പഠനം നടത്തി വരുന്നു. എന്നാൽ ബധിര വിദ്യാലയങ്ങളിൽ 1 മുതൽ 10 വരെയും വൊക്കേഷണൽ ഹയർ സെക്കണ്ടറി /ഹയർ സെക്കണ്ടറിയും നിലവിലുണ്ട്. സംസ്ഥാനത്തെ അന്ധവിദ്യാലയങ്ങളിൽ ഹൈസ്കൂൾ വിഭാഗം നിലവിലില്ലാത്തതിനാൽ സ്റ്റാഫ് പാറ്റേൺ നിലവിലില്ലായെന്നും, കോട്ടയം ഒളശ്ശ സർക്കാർ അന്ധവിദ്യാലയത്തിൽ ഹൈസ്കൂൾ വിഭാഗം ആരംഭിച്ചാൽ പുതുതായി 10 തസ്തികകൾ ((HM-1. HSA (core subject) -3, HSA (Mal)-1, HSA (Hindi)-1, Clerk-1, OA-2, FTM-1) ആവശ്യമായി വരുമെന്നും ആയതിന് 29,58,820/- രൂപ സാമ്പത്തിക ബാധ്യത വരുമെന്നും പരാമർശം (3) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ഒളശ്ശ സർക്കാർ അന്ധവിദ്യാലയത്തിൽ 2015-16 അധ്യയനവർഷം മുതൽ ഹൈസ്കൂൾ വിഭാഗം ആരംഭിക്കുന്നതിന് അനുമതി നൽകിയും 2015-16 മുതൽ ആരംഭിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിനായി പുതുതായി 10 തസ്തികകൾ (HM-1. HSA (core subject) -3, HSA (Mal)-1,HSA (Hindi)-1, Clerk-1, OA-2, FTM-1) സൃഷ്ടിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
വി.എസ്.സെന്തിൽ
ഗവ.അഡീഷണൽ ചീഫ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, കോട്ടയം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോട്ടയം
ഹെഡ്മാസ്റ്റർ, സർക്കാർ അന്ധ വിദ്യാലയം, ഒളശ്ശ, കോട്ടയം.
പൊതുഭരണ(എസ്.സി)വകുപ്പ് (06.05.2015 ലെ ഇനം നം. പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
ധനകാര്യവകുപ്പ് (04.02.2015 ലെ 109082/എഡ്യൂ.എ3/14/ധന. പ്രകാരം.)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.ന്
ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പി.എസ്.ന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ